(ഡി) വാർഷിക പദ്ധതികളുടെ അടങ്കൽ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) 2001-2004 വരെയുള്ള വാർഷിക പദ്ധതികളുടെ അടങ്കൽ തുകയും, ഓരോ വർഷവും ചെലവഴിച്ച തുകയും ഇത് അടങ്കൽ തുകയുടെ എത്ര ശതമാനമായിരുന്നു എന്നതും താഴെക്കൊടുത്തിട്ടുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

*(തുക കോടിയിൽ)*

| വർഷം | അടങ്കൽ തുക | | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| | ബഡ്ജറ്റ് വിഹിതം | പുതുക്കിയ എസ്റ്റിമേറ്റ് | | |
| 2001-02 | 3015 | 2260 | 2531 | 112 |
| 2002-03 | 4026 | 3425 | 3943.99 | 115 |
| 2003-04 | 4430.25 | 3796.23 | 3557.42 | 94 |

2001-02, 2002-03 വർഷങ്ങളിലേത് അക്കൗണ്ട്സും 2003-04 ലേത് താൽക്കാലിക കണക്കുമാണ്.

മേൽ കാണിച്ച തുകകൾ പൂർണ്ണമായും വികസനത്തിനുവേണ്ടിയാണ് വിനിയോഗിച്ചത്.

(ഡി ആന്റ് ഇ) സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്ത് 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കലുകളിൽ കുറവു വരുത്തുകയുണ്ടായി. 2001-02, 2002-03-ലെ പുതുക്കിയ അടങ്കൽ പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2003-04-ലെ താൽക്കാലിക കണക്കുപ്രകാരം 94 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ പി.എസ്.സി. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

13 [13] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ കോഴിക്കോട് ജില്ലയിലെ ഒഴിവുകൾ നികത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഏതെല്ലാം ലിസ്റ്റുകളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ എത്രയാണെന്നും നിലവിലുള്ള ലിസ്റ്റിൽനിന്നും എത്രപേർക്ക് ഇതിനകം അഡ്വൈസ് മെമ്മോ അയച്ചുവെന്നും വ്യക്തമാക്കുമോ;

(സി) അടുത്ത മൂന്നു മാസത്തിനുള്ളിൽ കാലാവധി തീരുന്ന ലിസ്റ്റുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

14 [14] ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, കെ. സി. ജോസഫ്:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗ നിയമനത്തിനായി എഴുത്തുപരീക്ഷ നടത്തിയശേഷമോ, എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയശേഷമോ എത്ര റാങ്ക് ലിസ്റ്റുകൾ പരസ്യപ്പെടുത്തി;

(ബി) ഇതിൽ എത്രയെണ്ണത്തെ സംബന്ധിച്ച് അഴിമതിയും ക്രമക്കേടുകളും ആരോപിക്കപ്പെടുകയുണ്ടായി;

(സി) ഏതെല്ലാം റാങ്ക് ലിസ്റ്റുകളെ സംബന്ധിച്ചാണ് അഴിമതിയും ക്രമക്കേടുകളും ആരോപിക്കപ്പെട്ടതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഏതെല്ലാം റാങ്ക് ലിസ്റ്റുകളെ സംബന്ധിക്കുന്ന ആരോപണത്തിൻമേൽ അന്വേഷണം നടത്തി?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

## വനിതാ പോലീസ് റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനു നടപടി

15 [15] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ടായിരുന്നെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly